"ഭരണ ഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ. എഫ്3/10553/2018

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ
4th & 5th ഫ്ലോർ, വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം-33
തിരുവനന്തപുരം

**<u>സർക്കുലർ</u>**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിങ് ഡയറക്ടറേറ്റ്- സി ഐ ടി എസ് 2018 - ട്രെയിനിങ്ങിൽ നിന്ന് ഒഴിവാക്കുന്നതിന് സത്യാ വാങ്മൂലം സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന :- (1) G.O.(Rt) No.1005/2018/LBR dated 20.08.2018
(2) 4.9.2018 തീയതിയിലെ എഫ്3/10553/2018 നമ്പരായ ഉത്തരവ്

സൂചന (1 ) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2018 സെപ്റ്റംബറിൽ ആരംഭിക്കുന്ന സിഐടിഎസ് ട്രെയിനിങ്ങിൽ പങ്കെടുക്കുന്നതിനായി 252 ഇൻസ്ട്രക്ടർമാർക്ക് സർക്കാരിൽ നിന്നും അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ, ടി ഉദ്യോഗസ്ഥരെ വിടുതൽ ചെയ്യുന്നതിനായുള്ള അനുമതി നൽകികൊണ്ട് സൂചന (2) പ്രകാരം പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ടി സാഹചര്യത്തിൽ ഏതെങ്കിലും കാരണത്താൽ ട്രെയിനിങ്ങിൽ നിന്നും സ്വമേധയാ മാറി നിൽക്കേണ്ടി വരുന്ന പക്ഷം താഴെ പറയുന്ന സത്യവാങ്മൂലം സാക്ഷ്യപ്പെടുത്തി 11.9.2018 തീയതി വൈകുന്നേരം 4 മണിക്ക് മുൻപ് ഈ ഓഫീസിൽ നേരിട്ടോ ഇമെയിൽ മുഖേനയോ ലഭ്യമാക്കേണ്ടതാണ്. സത്യവാങ്മൂലം നൽകാത്ത ഉദ്യോഗസ്ഥരെ സി ഐ ടി എസ് ടി ട്രെയിനിങ്ങിൽ നിന്നും ഒഴിവാക്കുന്നതല്ല .

**പി.കെ മാധവൻ**
**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിങ്**

സ്വീകർത്താവ്

എല്ലാ ഐ ടി ഐ പ്രിൻസിപ്പാൾ മാർക്കും

**//അംഗീകാരത്തോടെ//**

**ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ**

# സത്യവാങ്മൂലം

ബഹു.ട്രെയിനിംഗ് ഡയറക്ടറുടെ 4.9.2018 ലെ എഫ്3/10553/2018 ഉത്തരവ് പ്രകാരം സീനിയോറിറ്റി നമ്പർ.............ആയ എന്നെ 2018 സെപ്റ്റംബർ മാസത്തെ സിഐറ്റിഎസ് പരിശീലനത്തിന് എന്നെ നിയോഗിച്ചിട്ടുള്ളതാണ്. എന്നാൽ എനിക്ക് ----------കാരണത്തിനാൽ ടി പരിശീലനത്തിന് പങ്കെടുക്കുവാൻ അസൗകര്യമാണ്. ടി പരിശീലനത്തിൽ പങ്കെടുക്കാത്തതുമൂലം എനിക്ക് ലഭിച്ച സ്ഥാനക്കയറ്റം/എനിക്ക് ലഭിക്കേണ്ട സ്ഥാനക്കയറ്റം നഷ്ടപ്പെടുമെന്ന് എനിക്ക് അറിവുള്ളതാണ്. ടി സാഹചര്യം ഞാൻ പരിശീലനത്തിൽ നിന്നും സ്വമേധയാ വിട്ടുനിൽക്കുന്നതുമൂലമാണ് ഉണ്ടാകുന്നത് എന്നതിനാൽ ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം എനിക്ക് മാത്രമാണെന്നും എന്നെ ട്രെയിനിംഗിൽ നിന്നും ഒഴിവാക്കുന്നതുമൂലം തുടർന്നു വരുന്ന പ്രൊമോഷനുകളിൽ എന്നെ പരിഗണിക്കാതിരിക്കുന്നുവെങ്കിൽ ആയതിന്റെ ഉത്തരവാദിത്വം എനിക്കുമാത്രം ആയിരിക്കുമെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

വിശ്വസ്തയോടെ

തീയതി-

ഒപ്പ്

പേര്

തസ്തിക

ഐടിഐ